പ്രതികളായ ശരണ്യയുടെ സഹോദരൻ ശരത്ത്, തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷനിൽ ഡ്യൂട്ടി നോക്കിവരുന്ന എസ്.സി.പി.ഒ 5488 പ്രദീപ്, ശരണ്യയുടെ ഭർത്താവായ പ്രദീപ്, നൈസിൻ എന്നിവരെ അറസ്റ്റ് ചെയ്യുകയും ബഹുമാനപ്പെട്ട കോടതി ഇവരെ 14 ദിവസത്തേയ്ക്ക് റിമാന്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നാളിതുവരെ 10 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ടി കേസ്സുകളിൽ തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷനിൽ ഡ്യൂട്ടി നോക്കി വന്നിരുന്ന എസ്.സി.പി.ഒ 5488 പ്രദീപിനെ ക്രൈംബ്രാഞ്ച് ക്രൈം നം. 174/CR/APC/15 എന്ന കേസ്സിൽ അറസ്റ്റ് ചെയ്തിട്ടുള്ളതും വ്യക്തമായ തെളിവുകളുടെയും സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ കനകക്കുന്ന്, കരീലകുളങ്ങര, അമ്പലപ്പുഴ, ഹരിപ്പാട്, തൃക്കുന്നപ്പുഴ എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത 32 ക്രൈം കേസ്സുകളിൽ ടിയാൻ ഒന്നാം പ്രതിക്ക് സഹായിയായും സന്തര സഹചാരിയുമായി പ്രവർത്തിച്ചതായി തെളിയുകയും ആയതിൻപ്രകാരം ടി സംഭവത്തിൽ പ്രതി ചേർക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പോലീസുദ്യോഗസ്ഥർ ആർക്കെങ്കിലും കുറ്റകൃത്യത്തിൽ പങ്കുണ്ടോയെന്നതിനെ ക്കുറിച്ച് വിശദമായി അന്വേഷിച്ചുവരികയാണ്.

മൂന്നാർ തോട്ടം തൊഴിലാളി സമരം കേസ്

209 (3720) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ മൂന്നാർ തോട്ടം തൊഴിലാളി സമരവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പേരാണ് പ്രതി ചേർക്കപ്പെട്ടതെന്നും ഏതൊക്കെ വകുപ്പുകൾ പ്രകാരമാണെന്നും വ്യക്തമാക്കുമോ;

(സി) ദേശീയപാത ഉപരോധം നടക്കുന്നതിനു മുൻപ് വിവിധ രാഷ്ട്രീയപാർട്ടികളുടെ ഓഫീസുകൾ ആക്രമിച്ചതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഏതൊക്കെ വകുപ്പുകൾ പ്രകാരമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ഇതുസംബന്ധിച്ച് 2 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(1) മൂന്നാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 833/2015 u/s 143, 147, 451, 323, 427, r/w 149 IPC പ്രകാരവും. (2) മൂന്നാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 840/2014 u/s 143, 147, 148, 427 r/w 149 IPC.

പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം

210 (3721) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിന് 8000 ൽ അധികം വാഹനങ്ങളും യൂണിറ്റ് വർക്ക് ഷോപ്പുകളും യന്ത്രസാമഗ്രികളും ഉൾപ്പെടെ 1500 കോടി രൂപയുടെ ആസ്തി നിലവിലുണ്ടെങ്കിലും സ്റ്റാഫുകളുടെ അഭാവവും അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയും, മറ്റു പോരായ്മകളും നിമിത്തം പ്രതിവർഷം ഏകദേശം 80 കോടി രൂപയുടെ നഷ്ടം നേരിടുന്നതിനാൽ പ്രസ്തുത പ്രശ്നം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു സമിതിയെ നിയമിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പോലീസ് വാഹനങ്ങളും യൂണിറ്റ് വർക്ക് ഷോപ്പുകളും യന്ത്രസാമഗ്രികളും ശരിയായ പരിചരണം ഇല്ലാതെ നഷ്ടം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളാ പോലീസിൽ വാഹനങ്ങളുടെ പരിപാലനത്തിനായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെയും 140 ഓളം ടെക്നിക്കൽ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥരെയുമാണ് അനുവദിച്ചിട്ടുള്ളത്:

ക്രമ നമ്പർ	തസ്തികയുടെ പേര്	തസ്തികയുടെ എണ്ണം
1	എസ്.പി (എം.റ്റി)	2
2	ഡിവൈ.എസ്.പി (എം.റ്റി)	5
3	മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ	7
4	മോട്ടോർ ട്രാൻസ്പോർട്ട് എസ്.ഐ.	7
5	ഡ്രൈവർ എസ്.ഐ	30

LIBRARY ARCHIVES Kerala Legislative Assembly